## പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. T 4054** — **24.08.2017-ൽ മറുപടിക്ക്**

### നഴ്സുമാരുടെ പ്രതിമാസ ശമ്പളം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ : | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പ് മന്ത്രി |
| (എ) സുപ്രീംകോടതി നിയോഗിച്ച സമിതി 50 കിടക്കകൾ വരെയുള്ള ആശുപത്രികളിലെ നഴ്സുമാർക്ക് പ്രതിമാസം 20,000 രൂപ ശമ്പളം നൽകണമെന്ന് ശിപാർശ നൽകിയിരുന്നോ; | (എ) നൽകിയിരുന്നു. |
| (ബി) 50 മുതൽ 100 വരെയും അതിനുമുകളിലും കിടക്കകളുള്ള ആശുപത്രികളിൽ നഴ്സുമാരുടെ ശമ്പളം എത്രയായി നിശ്ചയിക്കണമെന്നാണ് സമിതി ശിപാർശ ചെയ്യുന്നത് എന്ന് വ്യക്തമാക്കാമോ; | (ബി)<br>• 51 മുതൽ 100 വരെ കിടക്കകളുള്ള സ്ഥാപനങ്ങൾ - സർക്കാർ നഴ്സുമാരുടെ വേതനത്തിൽ നിന്നും 25% ൽ കുറച്ചിട്ടുള്ള തുകയിൽ കുറയാത്തത്.<br>• 101 മുതൽ 200 വരെ കിടക്കകളുള്ള സ്ഥാപനങ്ങൾ-സർക്കാർ നഴ്സുമാരുടെ വേതനത്തിൽ നിന്നും 10%ൽ കുറച്ചിട്ടുള്ള തുകയിൽ കുറയാത്തത്.<br>• 200 നു മുകളിൽ കിടക്കകളുള്ള സ്ഥാപനങ്ങൾ - സർക്കാർ നഴ്സിന് തുല്യമായ വേതനം. |
| (സി) സംസ്ഥാനത്ത് സ്വകാര്യ നഴ്സുമാരുടെ സമരം ഒത്തുതീർപ്പാക്കാൻ ബഹു.മുഖ്യമന്ത്രി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ അവരുടെ ശമ്പളം സുപ്രീംകോടതി നിയോഗിച്ച കമ്മിറ്റിയുടെ ശിപാർശയ്ക്ക് അനുസൃതമായി പുതുക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണമെന്താണ്? | (സി) സംസ്ഥാനത്ത് സ്വകാര്യ നഴ്സുമാരുടെ സമരം ഒത്തുതീർപ്പാക്കാൻ ബഹു.മുഖ്യമന്ത്രി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ 50 കിടക്ക വരെയുള്ള സ്വകാര്യ ആശുപത്രികളിൽ ജോലി ചെയ്യുന്ന നഴ്സുമാരുടെ ഏറ്റവും കുറഞ്ഞ ശമ്പളം 20,000/- രൂപയായി നിശ്ചയിക്കുന്നതിനു തീരുമാനിച്ചിട്ടുണ്ട്. 50 കിടക്കകളിൽ |

കൂടുതലുള്ള ആശുപത്രികളിലെ നഴ്സുമാരുടെ വേതനം സംബന്ധിച്ച് പഠിക്കുന്നതിനായി സർക്കാർ ഒരു ഉന്നതതല കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത കമ്മിറ്റിയുടെ ശിപാർശ മിനിമം വേതന ഉപദേശക സമിതിയുടെ പരിഗണനയ്ക്കായി നൽകുവാനും തീരുമാനിച്ചിട്ടുണ്ട്. മിനിമം വേതന ഉപദേശക സമിതിയുടെ ശിപാർശ പ്രകാരം മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ.